പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.16 8.2.2016 ൽ മറുപടിയ്ക്കുണ്ടായിരുന്നത്.

## പാലക്കാട് ജില്ലയിലെ ജനസമ്പർക്ക പരിപാടി

ചോദ്യം

ശ്രീ.എം. ചന്ദ്രൻ

മറുപടി

ശ്രീ.ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)

| ചോദ്യം | 8/02/2016 ന് നൽകിയ മറുപടി | അന്തിമ മറുപടി |
|---|---|---|
| എ) പാലക്കാട് ജില്ലയിൽ നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ആകെ ലഭിച്ച പരാതികൾ എത്രയാണ്; നേരിട്ട് ലഭിച്ചതും നേരത്തെ രജിസ്റ്റർ ചെയ്തതും പ്രത്യേകം വ്യക്തമാക്കാമോ ; | എ) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 30,852 അപേക്ഷകളും, രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 37,761 അപേക്ഷകളും മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി 'കരുതൽ 2015' ൽ ഓൺലൈനായി 15,023 അപേക്ഷകളും നേരിട്ട് 18,234 അപേക്ഷകളും കൂടി ആകെ 1,01,870 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. | |
| ബി) പ്രസ്തുത പരാതികളിൽ എത്ര എണ്ണത്തിൽ അന്തിമ തീരുമാനമെടുത്തിട്ടുണ്ട്; | ബി) ഒന്നാംഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും മുഴുവൻ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. മൂന്നാംഘട്ടമായ 'കരുതൽ 2015' ൽ 28,120 അപേക്ഷകളിൽ അന്തിമ തീരുമാനമെടുത്തിട്ടുണ്ട്. | |
| സി) ചികിത്സാ ധനസഹായത്തിനു വേണ്ടി ഈ ജില്ലയിൽ ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച അപേക്ഷകൾ എത്ര; | സി) മൂന്നു ഘട്ടങ്ങളിലായി 25,477 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. | |
| ഡി) ഇതിൽ എത്ര പേർക്ക് എത്ര തുക വിതരണം ചെയ്തു എന്നു വ്യക്തമാക്കാമോ; | ഡി) 13,107 പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. | |
| **ഇ) അർഹരായ പലർക്കും ധനസഹായം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?** | **ഇ) ഈ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്** | **ഇ) മൂന്നുഘട്ടങ്ങളിലുമായി ചികിത്സാ ധനസഹായത്തിന് വേണ്ടി ആകെ ലഭിച്ച അപേക്ഷകൾ 25,477 ആയിരുന്നു. അവയിൽ 13107 പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ടെന്നു മറുപടി നൽകിയിരുന്നു. എന്നാൽ DBT വഴി 3,383 പേർക്ക് തുക വിതരണ ചെയ്തതുകൂടി ഉൾപ്പെടുത്തി ആകെ 16,490 പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. മൂന്നു ഘട്ടങ്ങളിലുമായി 7487 പേർ ധനസഹായത്തിന് അനർഹരാണ്. ബാക്കി വരുന്ന 1500 പേർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.** |

സെക്ഷൻ ഓഫീസർ